യാണ്. ഈ സാമ്പത്തികവർഷം തന്നെ വളരെ തുച്ഛമായ സംഖ്യയെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ളു. അതുപോലെ തന്നെ ഈ കോർപ്പറേഷന്റെ നേതൃത്വത്തിൽ ഒരു ക്ഷേമ പ്രവർത്തനമെന്ന നിലയിൽ ആർട്ടിസാൻസ് വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് 25,000 രൂപ വരെ ബാങ്കിൽ നിന്ന് ലോൺ കൊടുക്കുന്ന ഒരു പരിപാടിയുണ്ട്. അങ്ങനെ ലോൺ എടുത്ത് തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്ന ആളുകളെ വഴിയാധാരമാക്കാതിരിക്കുന്നതിന് അവർ ഉല്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണന കേന്ദ്രങ്ങൾ കൂടി തുറക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയെ ഈ അവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്. അതോടൊപ്പം തന്നെ ആർട്ടിസാൻസ് ക്ഷേമ നിധി ഏർപ്പെടുത്തിക്കൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ചിലതൊക്കെ പ്രഖ്യാപിക്കുകയുണ്ടായി. ഈ ക്ഷേമനിധി കൈകാര്യം ചെയ്യുന്നതിന് ലേബർ ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിച്ചിരിക്കുന്നതായി അറിയുന്നു. ഭരണ രംഗത്തു വരുന്ന അധികച്ചെലവ് ലാഭിക്കുന്നതിന് ഇവരുടെ ക്ഷേമകാര്യങ്ങൾ പൂർണ്ണമായും കൈകാര്യം ചെയ്യുന്ന ഈ കോർപ്പറേഷനെതന്നെ ഏൽപ്പിക്കുന്നത് നല്ലതായിരിക്കുമെന്ന അഭിപ്രായം കൂടി എനിക്കുണ്ട്. അതുപോലെ തന്നെ Service and Supply Scheme ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചതാണ്. അത് ഇതുവരെ നടപ്പിലാക്കിയിട്ടില്ല. അതും ഉടനടി നടപ്പിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, വളരെ പ്രധാനപ്പെട്ട ഒരു ദുർബല വിഭാഗമാണ് ആർട്ടിസാൻസ്. അവർക്ക് ഐ.ആർ.ഡി.പി. യുടെ ടേൺ ലോൺ പ്രകാരം 2450-ൽപരം ആളുകൾക്ക് ജോലി ലഭിക്കത്തക്ക വിധത്തിൽ കുടുംബയൂണിറ്റുകൾ സ്ഥാപിക്കാൻ വേണ്ടി ആർട്ടിസാൻസ് കോർപ്പറേഷൻ സഹായം നൽകിയിട്ടുണ്ട്. 75,000-ൽപരം ആർട്ടിസാൻസുകളെ ഈ കോർപ്പറേഷന്റെ പ്രവർത്തനഫലമായി കേരളത്തിൽ കണ്ടെത്തിയിട്ടുണ്ട്. അവർക്ക് ജോലി ലഭിക്കുന്നതിനായി supply and service എന്ന പുതിയ ഒരു പദ്ധതി ആരംഭിച്ചിരിക്കുകയാണ്. അതിനുവേണ്ടി ഓരോ ജില്ലയിലും വിവിധ എഞ്ചിനീയർമാരെ കമ്മിഷൻ നിരക്കിൽ കോർപ്പറേഷൻ നിയമിക്കും. അവർ ഈ ആർട്ടിസാൻസ് ഉണ്ടാക്കുന്ന ഉല്പന്നം ആവശ്യമുള്ളവരെ കണ്ടെത്തി അത് കോർപ്പറേഷൻ മുഖേന ആർട്ടിസാൻസിനു കൊടുത്തുകൊണ്ട് തൊഴിൽ കൊടുക്കാനാണ് ആഗ്രഹിക്കുന്നത്. അത് no profit, no loss എന്നുള്ള നിലയ്ക്കാണ്. അതിനുള്ള നടപടിക്രമം എടുത്തുവരുന്നുണ്ട്. കൂടാതെ ക്ഷേമ പദ്ധതികളെല്ലാം ഇപ്പോൾ നടപ്പിൽ വരുത്തുകയാണ്. ഇനി ഒരു കോംപ്രിഹെൻസീവായിട്ട് ഇവർക്ക് പ്രത്യേകം വേണമെങ്കിൽ ആ കാര്യം ഗവൺമെന്റ് പരിശോധിച്ച് ചെയ്യാം.

(7) ചാവക്കാട് താലൂക്കാശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. പി. കെ. കെ. ബാവ : സർ, എന്റെ നിയോജക മണ്ഡലത്തിലെ ചാവക്കാട് പ്രവർത്തിക്കുന്ന താലൂക്ക് ആശുപത്രി ജനങ്ങൾക്ക് ഒരു ശാപമായി മാറിയിരിക്കുകയാണ്. ഈ ആശുപത്രിയുടെ ശാപമോക്ഷത്തിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകമായ ശ്രദ്ധ ചെലുത്തണമെന്നാണ് എനിക്ക് ആദ്യമായി അപേക്ഷിക്കാനുള്ളത്. സർ, അവിടെ ആവശ്യമായ മരുന്ന് തക്കസമയത്ത് ലഭിക്കുന്നില്ല. വളരെക്കാലമായി എക്സ്റേ 50 എം.എം. കേടുവന്നിരിക്കുന്നു. അവ വളരെ പഴകിയതുമാണ്. റിപ്പയർ ചെയ്യുന്നതിനോ ആവശ്യമായ മറ്റ് മെഷീൻ സ്ഥാപിയതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതിനോ ഇതുവരെ നടപടിയൊന്നും ഉണ്ടായിട്ടില്ല സർ. അതുപോലെ ലബോറട്ടറി ടെക്നീഷ്യന്റെ തസ്തികയുണ്ട്. പക്ഷേ ഇതുവരെ നിയമനം നടന്നിട്ടില്ല. ആവശ്യമായ സംവിധാനങ്ങളുമില്ല. ഉപ്പുവെള്ളം മാത്രം ലഭിക്കുന്ന ഒരു കാമ്പസാണ് ഈ ആശുപത്രിക്കുള്ളത്. അവിടെ ഒരു മണിക്കൂർ മാത്രം മുനിസിപ്പാലിറ്റിയുടെ കനിവുകൊണ്ട് ശുദ്ധജലം ലഭിക്കുന്നു. സർ, നൂറു കൊല്ലം പഴക്കമുള്ള ഒരു കെട്ടിടത്തിലാണ് ഇപ്പോഴും ആശുപത്രി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ കെട്ടിടം ചോർന്നൊലിക്കുന്നു. അവിടെയുള്ള ഓഫീസ് ഫയലുകളും നശിച്ചുകൊണ്ടിരിക്കുന്നു. ഒ. പി. പ്രവർത്തിക്കുന്നത് ഓഫീസിലാണ്. അതുപോലെ ജനങ്ങൾക്കും, രോഗികൾക്കും, ഡോക്ടർമാർക്കും അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ചില്ലറയല്ല. ഈ ആശുപത്രിയുടെ ശോചനീയാവസ്ഥ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകം പരിഗണിച്ച് അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ചാവക്കാട് ആശുപത്രിക്ക് സ്ഥലസൗകര്യമില്ലെന്നുള്ള പരാതി കിട്ടിയിട്ടുണ്ട്. അത് എല്ലാ ആശുപത്രികളിലും ഉള്ള പരാതി തന്നെയാണ്. എങ്കിൽപ്പോലും ചാവക്കാട് ആശുപത്രിയിലെ തസ്തികകളുടെ കുറവും മരുന്നിന്റെ കുറവും ഉണ്ടെങ്കിൽ അത് പരിശോധിച്ച ഉടൻ തന്നെ സാംഗ്ഷൻ കൊടുക്കാൻ വേണ്ടി ഡയറക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഡയറക്ടർ നടപടി സ്വീകരിക്കുന്നുണ്ട്. എക്സ്റേ നന്നാക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കാം.

(8) മാവേലിക്കര പീറ്റ് മെമ്മോറിയൽ ട്രെയിനിംഗ് കോളേജിലെ പരീക്ഷാ ഫലം

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട മാവേലിക്കര പീറ്റ് മെമ്മോറിയൽ ട്രെയിനിംഗ് കോളേജിലെ റിസൾട്ട് ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. ബി. എഡ്ഡിന്റെ റിസൾട്ട് പ്രസിദ്ധീകരിച്ചിട്ട് മാസങ്ങളായി. ഈ പ്രത്യേക കോളേജിലെ റിസൾട്ട് പ്രസിദ്ധീകരിക്കാതെയിരിക്കുന്നതിന്റെ കാരണം യൂണിവേഴ്സിറ്റിയും മാനേജുമെന്റും തമ്മിലുള്ള ചില തർക്കങ്ങളാണ്. ഈ തർക്കം വാസ്തവത്തിൽ അവിടെ പഠിച്ച് പരീക്ഷയെഴുതിയ നിരപരാധികളായ കുട്ടികളെയാണ് ബാധിച്ചിരിക്കുന്നത്. ആ നിരപരാധികളായ കുട്ടികളുടെ പരീക്ഷാഫലം തടഞ്ഞുവച്ചുകൊണ്ട് യൂണിവേഴ്സിറ്റിയും മാനേജുമെന്റും ഹൈക്കോടതിയിൽ കേസും വഴക്കുമായിട്ട് നടക്കുകയാണ്. ദയവുചെയ്ത് ആ പാവ

LIBRARY ARCHIVES Kerala Legislative Assembly